# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ കുക്ക് തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ 16500-35700 രൂപ ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

ഉത്തരവ് നം.സി6/31646/2015/കോവി.വ തീയതി:16.06.2017

---

പരാമർശം:- 1. കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 08-07-2016-ലെ C1/ 18/16 R to R C1- 23/16 Rനമ്പർ കത്ത്.

2. 07-03-2017- ൽ കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷനിൽ വച്ച് നടന്ന അഭിമുഖം.

## ഉത്തരവ്

പരാമർശം (1) പ്രകാരം കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അയച്ചു തന്ന ലിസ്റ്റിൽ നിന്നും അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ കുക്ക് എന്ന ഫുൾടൈം കണ്ടിജന്റ് തസ്തികയിലേക്ക് 16500-35700 രൂപ ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | പേരും വിലാസവും | ജനന തീയതി | നിയമനം ലഭിച്ച സ്ഥാപനം |
|---|---|---|---|
| 1 | Smt. Sreelatha.S<br>D/o Sukumaran.K<br>Thekkakade ( House)<br>Nanniode.P.O<br>Palakkad – 678 534<br>(തുറന്ന മത്സരം- മുൻഗണന ഉള്ളവർ) | 03-04-1970 | ഗവൺമെന്റ് ലോ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് (നിലവിലുള്ള ഒഴിവിൽ) |
| 2 | Smt. Mymoona.V<br>Vakapatta House<br>Chathangottupuram .P.O<br>Wandoor, Malappuram ( Dt) – 679 328<br>(തുറന്ന മത്സരം - മുൻഗണന ഉള്ളവർ) | 07-05-1969 | ഗവൺമെന്റ് ലോ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് (നിലവിലുള്ള ഒഴിവിൽ) |



0196554

GOVERNMENT OF KERALA

| | | | |
|---|---|---|---|
| 3 | Smt. Anitha.A<br>Adattilthara House<br>P.O Eswaramangalam<br>via, Thavanoor<br>Malappuram District – 679 577<br>(തുറന്ന മത്സരം- മുൻഗണന ഇല്ലാത്തവർ) | 02-05-1976 | ഗവൺമെന്റ് ലോ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് (നിലവിലുള്ള ഒഴിവിൽ) |
| 4 | Sri. Sunil.A.B<br>Edukunnin Veedu,<br>Eachome.P.O<br>Panamaram<br>Wayanad – 670 721<br>(തുറന്ന മത്സരം- മുൻഗണന ഇല്ലാത്തവർ) | 10-04-1975 | ഗവൺമെന്റ് ലോ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് (നിലവിലുള്ള ഒഴിവിൽ) |
| 5 | Smt.Sheeja.P.V<br>Pambadi Valappil<br>P.O Edapal<br>Malappuram District – 679 576<br>(ഈഴവ/തിയ്യ/ബില്ലവ- മുൻഗണന ഉള്ളവർ) | 10-10-1973 | ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് |
| 6 | Smt. Preetha Edathil<br>Thazhe Kuniyil<br>Koonentavida<br>Nidumbram<br>P.O.Chokli<br>Kannur – 670 672<br>(പട്ടികജാതി - മുൻഗണന ഇല്ലാത്തവർ) | 09-05-1970 | ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് |
| 7 | SmtJalajakumari.T.N<br>W/o Cristhudas ( Late)<br>Kolanji Vilagam House<br>Jellipara ( P.O)<br>Attappady<br>Mannarkkad<br>Palakkad – 678 581<br>(ഹിന്ദു നാടാർ - മുൻഗണന ഉള്ളവർ) | 06-05-1975 | ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് |

| | | |
|---|---|---|
| Smt.Shyni.O.J<br>D/o Joseph.O.J<br>Ottakkamelil ( HO)<br>Irumbakachola (PO)<br>Mannarkkad<br>Palakkad- 678 591<br>(പട്ടികജാതിയിൽ നിന്ന് ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തവർ - മുൻഗണന ഇല്ലാത്തവർ) | 20-09-1977 | ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് ഹോസ്റ്റൽ, കോഴിക്കോട് |

2. മേൽ നിയമനം 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 3 (സി) യും 10 (ബി)യും പ്രകാരം ഉദ്യോഗാർത്ഥിയുടെ സ്വഭാവ പൂർവ്വ ചരിത്ര പരിശോധനയ്ക്ക് വിധേയമായിരിക്കും. വാസ്തവികതാ പരിശോധന റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതായിരിക്കും.

3. ഈ ഉത്തരവ് കൈപ്പറ്റി പതിനാല് (14) ദിവസത്തിനകം ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് അസിസ്റ്റന്റ് സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്) കൂടാതെ ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള ഒരു സ്വഭാവ സർട്ടിഫിക്കറ്റ്, സംവരണ വിഭാഗത്തിൽ ഉൾപ്പടുന്നവർ നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ്, എസ്.സി/ എസ്.റ്റി വിഭാഗത്തിൽപെടുന്നവർ ജാതി തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം സ്ഥാപന മേധാവിയ്ക്ക് മുൻപാകെ ഹാജരാകേണ്ടതാണ്. സർവ്വീസിൽ പ്രവേശിപ്പിക്കുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും പോലീസ് വെരിഫിക്കേഷനുള്ള നിശ്ചിത പ്രൊഫോർമ പൂരിപ്പിച്ച് വാങ്ങേണ്ടതും ഫോട്ടോഗ്രാഫ് സാക്ഷ്യപ്പെടുത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

4. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട് നിയമനം ലഭിച്ച ഉദ്യോഗാർത്ഥി, രജിസ്റ്റർ ചെയ്യുമ്പോൾ തെറ്റായ വിവരം നൽകിയതായോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും തെറ്റായി നാമനിർദ്ദേശം ചെയ്യപ്പെട്ടതായോ പിന്നീട് തെളിയുന്ന പക്ഷം 30-08-1991-ലെ ജി.ഒ (എം.എസ്) 70/91 തൊഴിൽ അനുസരിച്ച് ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ ഒരു അവസരം നൽകിയതിനുശേഷം അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ ഉടൻ തന്നെ പിരിച്ചു വിടുന്നതാണ്.

5. നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിക്ക് ഹാജരാകാതെ വന്നാൽ ഇനിയൊരു അറിയിപ്പില്ലാതെ തന്നെ താങ്കളുടെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

6. നിലവിലെ ജനന തീയതിയിൽ അപാകത ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം, നിയമനം ലഭിച്ച് അഞ്ച് വർഷത്തിനകം ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിക്കേണ്ടതാണ്.



0196555

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് 7-01-2013-ലെ ജി.ഒ (പി) 20/2013/ഫിൻ ഉത്തരവ് പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

8. ഈ ഉത്തരവ് പ്രകാരം നിയമനം നൽകിയ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

ഒപ്പ്/-
കൃഷ്ണകുമാർ.റ്റി.വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

വ്യക്തിക്ക്
(രജി.തപാൽ കൈപ്പറ്റ് രസീതു സഹിതം)

പകർപ്പ്:
1) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
2) സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) കരുതൽ ഫയൽ/ നടപ്പ് ഫയൽ //അംഗീകാരത്തോടെ//

സൂപ്രണ്ട്



0196553